# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.362

## 27-02-2018 ൽ മറുപടിക്ക്

## കിഫ്ബി വഴി അംഗീകാരം നൽകുന്ന പദ്ധതികൾ

| ചോദ്യം<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയിൽ ഉൾപ്പെടുത്തിയ പദ്ധതികൾക്ക് കിഫ്ബി വഴി അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സംബന്ധിച്ച വിശദ വിവരം വ്യക്തമാക്കാമോ; | വാർഷിക ബഡ്ജറ്റിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ളതും സർക്കാർ നിർദ്ദേശിക്കുന്നതുമായ പദ്ധതികളാണ് നിലവിൽ കിഫ്ബി മുഖേന നടപ്പിലാക്കി വരുന്നത്. ഇതു സംബന്ധിച്ച മാർഗ്ഗരേഖ 8.8.2016 ലെ സ.ഉ.(കൈ)നം.315/16/ധന ഉത്തരവു പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം പദ്ധതികൾ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനാവശ്യമായ ഭരണാനുമതി പദ്ധതി നിർവ്വഹണ ഏജൻസിയുടെ വിശദാംശങ്ങളുൾപ്പെടെ ബന്ധപ്പെട്ട ഭരണ വകുപ്പ് പുറപ്പെടുവിക്കുന്നു. തുടർന്ന് വിശദമായ പദ്ധതി രേഖ, വർക്ക് ബ്രേക്ക് ഡൗൺ സ്ട്രക്ചർ എന്നിവയുൾപ്പെടെ കിഫ്ബിയുടെ വെബ്സൈറ്റിൽ ഓൺലൈനായി സമർപ്പിക്കേണ്ടത് ബന്ധപ്പെട്ട എസ്.പി.വിയാണ്. ഈ വിശദാംശങ്ങൾ കിഫ്ബിയുടെ പദ്ധതി അവലോകന വിഭാഗം സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കി ന്യൂനതകളില്ലാത്ത പക്ഷം തുടർന്നുള്ള യോഗത്തിൽ കിഫ്ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. ന്യൂനതകൾ കണ്ടെത്തുന്ന പക്ഷം ബന്ധപ്പെട്ട ഭരണ വകുപ്പ്/ എസ്.പി.വി യോട് അവ പരിഹരിച്ച് പുനഃസമർപ്പിക്കാൻ നിർദ്ദേശിക്കുന്നു. കിഫ് ബോർഡ് അംഗീകാരം നൽകുന്ന മുറയ്ക്ക് ബന്ധപ്പെട്ട എസ്.പി.വി |

| | |
|---|---|
| | സാങ്കേതികാനുമതി, ടെണ്ടർ നടപടി എന്നിവയെ തുടർന്ന് പദ്ധതി നിർവ്വഹണം ആരംഭിച്ച് സമർപ്പിക്കുന്ന ബില്ലുകൾക്കനുസൃതമായ തുക കിഫ്ബിയുടെ അക്കൗണ്ടിൽ നിന്നും നേരിട്ട് കോൺട്രാക്ടറുടെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കപ്പെടുന്നു. |
| (ബി) ഇറിഗേഷൻ വകുപ്പ്, പൊതുമരാമത്ത് വകുപ്പ് എന്നിവിടങ്ങളിൽ നിന്നും നൽകുന്ന പ്രൊപ്പോസലുകൾ കിഫ്ബിയിൽ പാസ്സാക്കുവാൻ കാലതാമസം നേരിടുന്ന കാര്യം പരിശോധിക്കുമോ; | പിരിവ് (എ) ക്കുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ഇറിഗേഷൻ വകുപ്പ്, പൊതുമരാമത്ത് വകുപ്പ് ഉൾപ്പെടെയുള്ള വിവിധ മേഖലകളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കുള്ള പ്രൊപ്പോസലുകൾ അംഗീകരിക്കുന്നതിൽ കിഫ്ബിയിൽ കാലതാമസം നേരിട്ടിട്ടില്ല. |
| (സി) ഡി.പി.ആർ. തയ്യാറാക്കുന്നതും പുനഃപരിശോധന നടത്തുന്നതും ആരാണ്; | ബന്ധപ്പെട്ട ഭരണ വകുപ്പ് പദ്ധതികളുടെ നടത്തിപ്പിനായി നിയമിക്കുന്ന എസ്.പി.വി കൾക്കാണ് ഒരു പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള ചുമതല. കിഫ്ബിയുടെ പരിഗണനയ്ക്കായി സമർപ്പിക്കപ്പെടുന്ന ഡി.പി.ആർ കിഫ്ബിയുടെ പദ്ധതി അവലോകന വിഭാഗം സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുകയും, യോഗ്യമാണെന്ന് കാണുന്ന പക്ഷം കിഫ്ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതുമാണ്. |
| (ഡി) കിഫ്ബി വഴി അംഗീകാരം ലഭിച്ച പദ്ധതികൾക്കുള്ള അടുത്ത നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | കിഫ്ബോർഡിന്റെ അംഗീകാരം ലഭ്യമാക്കിയ പദ്ധതികൾക്കാവശ്യമായ തുടർ നടപടികളായ സാങ്കേതികാനുമതിയും ടെൻഡറും ഉൾപ്പെടെയുള്ള നിർവ്വഹണ നടപടികൾ സ്വീകരിച്ച് ബന്ധപ്പെട്ട ബില്ലുകൾക്കനുസൃതമായ ഇൻവോയിസ് കിഫ്ബിയിൽ എസ്.പി.വി. സമർപ്പിക്കേണ്ടതുണ്ട്. ഇതു ലഭ്യമാകുന്ന മുറയ്ക്ക് കിഫ്ബി തുക നൽകിത്തുടങ്ങുന്നു. |

സെക്ഷൻ ഓഫീസർ